# പതിമൂന്നാം കേരള നിയമസഭ

## രണ്ടാം സമ്മേളനം

<u>നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ : 375</u> <u>27.09.2011-ൽ മറുപടിയ്ക്ക്</u>

## <u>പഞ്ചായത്തുകളിൽ ബയോ ഡൈവേഴ്സിറ്റി മാനേജ്മെന്റ് കമ്മിറ്റി</u>

| <u>ചോദ്യം</u> | <u>ഉത്തരം</u> |
| --- | --- |
| ശ്രീ. വി. എസ്. സുനിൽകുമാർ<br>,, വി. ശശി<br>ശ്രീമതി ഇ.എസ്. ബിജിമോൾ<br>,, ഗീത ഗോപി | ഡോ: എം. കെ. മുനീർ<br>(പഞ്ചായത്തും സാമൂഹ്യക്ഷേമവും വകുപ്പുമന്ത്രി) |
| (എ) പഞ്ചായത്തുകളിൽ ബയോ ഡൈവേഴ്സിറ്റി മാനേജ്മെന്റ് കമ്മിറ്റി രൂപീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോ; എങ്കിൽ ഇതിനകം എത്ര പഞ്ചായത്തുകളിൽ രൂപീകരിച്ചു ; | (എ) ഉണ്ട്. 941 പഞ്ചായത്തുകളിൽ ബയോഡൈവേഴ്സിറ്റി മാനേജ്മെൻറ് കമ്മിറ്റികൾ രൂപീകരിച്ചു. |
| (ബി) പ്രസ്തുത കമ്മിറ്റിയുടെ ഉദ്ദേശ ലക്ഷ്യങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ; | (ബി) ജൈവവൈവിദ്ധ്യ രജിസ്റ്റർ തയ്യാറാക്കുക, ജൈവവിഭവങ്ങളുടെ സംരക്ഷണം, സുസ്ഥിര ഉപയോഗം എന്നിവ പ്രോത്സാഹിപ്പിക്കുക, ആവാസ വ്യവസ്ഥകളുടെ പരിപാലനം, പാരമ്പര്യ ഇനങ്ങൾ, നാടൻ ഇനങ്ങൾ, വളർത്തിനങ്ങൾ തുടങ്ങിയ ജൈവജാതികളെ സംബന്ധിച്ച വിവരങ്ങൾ രേഖപ്പെടുത്തുകയും, ജൈവവൈവിദ്ധ്യ സംബന്ധമായ അറിവുകളുടെ കാലാനുസൃതമായ വിവരങ്ങൾ ശേഖരിക്കുക എന്നിവയാണ്. |
| (സി) പ്രസ്തുത കമ്മിറ്റിയുടെ ഘടന എന്താണെന്നും ഈ കമ്മിറ്റി രൂപീകരിക്കാത്ത പഞ്ചായത്തുകളിൽ അവ രൂപീകരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്നും വ്യക്തമാക്കുമോ ? | (സി) പ്രസ്തുത കമ്മിറ്റിയിൽ ആകെ എട്ട് അംഗങ്ങൾ ഉണ്ടായിരിക്കും. അദ്ധ്യക്ഷൻ പഞ്ചായത്തു പ്രസിഡൻറും, മെമ്പർ സെക്രട്ടറി പഞ്ചായത്തു സെക്രട്ടറിയുമായിരിക്കും. പഞ്ചായത്ത് സമിതി നാമനിർദ്ദേശം ചെയ്യുന്ന ആറ് മറ്റ് അംഗങ്ങൾ കൂടി ഉൾപ്പെടുന്നതാണ് പ്രസ്തുത കമ്മിറ്റി |

(ഒപ്പ്)

സെക്ഷൻ ഓഫീസർ